**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2904** **10-03-2025 - ൽ മറുപടിയ്ക്ക്**

**കാഞ്ഞിരപ്പുഴ കനാലിൽ ബണ്ട് പുനർ നിർമ്മാണത്തിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞിരപ്പുഴ കനാലിന്റെ വേങ്ങശ്ശേരി ഉപകനാലിൽ കണ്ടുവംപാടം ചെറുക്കുന്നത്തുകാവ് ഭാഗത്ത് ബണ്ട് പൊട്ടിയതിനെ തുടർന്ന് ജലവിതരണം തടസ്സപ്പെട്ടിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ജലവിതരണം തടസ്സപ്പെട്ടതുകൊണ്ട് കോങ്ങാട്, കേരളശ്ശേരി, മണ്ണൂർ മുതലായ പഞ്ചായത്തുകളിലെ കൃഷിക്കും കുടിവെള്ള ലഭ്യതയ്ക്കും പ്രയാസം നേരിടുന്ന സാഹചര്യത്തിൽ ബണ്ട് അടിയന്തരമായി പുനർ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | വേങ്ങാശ്ശേരി ഡിസ്ട്രിബ്യൂട്ടറിയുടെ കണ്ടുവംപാടം ചെറുകുന്നത്തുകാവ് ഭാഗത്തുള്ള ബണ്ട് പൊട്ടിയത് പുനരുദ്ധാരണം ചെയ്യുന്നതിനായി 27 ലക്ഷം രൂപ വരുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിക്ക് 2024-25 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ അനുവദിച്ച ഫണ്ട് പൂർണ്ണമായി വിനിയോഗിച്ചിട്ടുള്ളതിനാൽ പ്രസ്തുത പ്രവൃത്തിക്ക് അധിക ഫണ്ട് ആവശ്യമാണ്. ആയതിനുള്ള നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ